44 (336) പൊന്മുടിയിലെ ഔഷധച്ചെടികളെപ്പറ്റി പഠനം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. എ.കെ. മണി :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്മുടി മലയടിവാരത്തിലുള്ള ഔഷധച്ചെടികളെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) മഹാരോഗങ്ങൾക്ക് പരിഹാരമാകുന്ന നിരവധി ഔഷധച്ചെടികൾ ഈ മലയിലുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം ഔഷധച്ചെടികളെപ്പറ്റി പഠിച്ച് വർഗ്ഗീകരിച്ച് അത് മാനവ വംശത്തിന്റെ നന്മയ്ക്കുവേണ്ടി ഉപയോഗിക്കുവാൻ പദ്ധതി തയ്യാറാക്കുമോ;

(ഡി) ഇവിടെനിന്ന് ഔഷധച്ചെടികൾ കടത്തിക്കൊണ്ട് പോകുന്നത് തടയുവാൻ നടപടി എടുക്കുമോ?

ഉത്തരം

(എ) വനം വകുപ്പ് നേരിട്ട് പഠനം നടത്തിയിട്ടില്ല. എന്നാൽ പാലോട് ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഇതുസംബന്ധിച്ച പഠനം നടത്തിയിട്ടുണ്ട്.

(ബി) അമൂല്യമായ നിരവധി ഔഷധച്ചെടികൾ പൊന്മുടി മലയടിവാരം ഉൾപ്പെടെ കേരളത്തിലെ വനങ്ങളിൽ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഔഷധച്ചെടികളെപ്പറ്റി പഠിക്കുവാനും അതിന്റെ ഗുണഫലങ്ങൾ ജനങ്ങൾക്ക് ഉപകാരപ്പെടുത്തുവാനുള്ള പഠനങ്ങൾക്ക് വനം വകുപ്പിന്റെ ഫണ്ടിൽനിന്നും വനഗവേഷണ കേന്ദ്രങ്ങൾക്ക് സഹായധനം നൽകാറുണ്ട്. പാലോട് ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഇതു സംബന്ധിച്ച് വളരെയധികം ഗവേഷണങ്ങൾ നടത്തിവരുന്നു. വനത്തിൽക്കാണുന്ന അപൂർവ്വമായ ആരോഗ്യപ്പച്ച എന്ന ഔഷധസസ്യത്തിൽ നിന്നു 'ജീവനി' എന്ന പേരിൽ ഒരു ഔഷധം വികസിപ്പിച്ചെടുത്ത് പ്രചാരത്തിൽ വരുത്തിയിട്ടുണ്ട്. കൂടാതെ 'സോറിയോപ്സിൽ' എന്ന ഒരു ഔഷധത്തൈലവും, ഹെർബൽ ഹെൽത്ത് കിറ്റും വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഗവേഷണസ്ഥാപനങ്ങൾ നിരവധി പഠനങ്ങൾ നടത്തിവരുന്നുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

45 (337) വനം വകുപ്പിന് അന്യസംസ്ഥാനങ്ങളിലുള്ള ഭൂമി

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിനു പുറത്ത് വനം വകുപ്പിന്റെ കൈവശം സ്ഥലം ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം അതിന്റെ വിസ്തൃതി എത്ര;

LIBRARY ARCHIVES Kerala Legislative Assembly